# എന്റെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം◌-
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം◌,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിടുന്നതൊന്നാമതായ്?
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ.
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ;
അമ്മ താൻ തന്നേ പകർന്നു തരുന്പൊഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ!
ഏതോരു വേദവുമേതോരു ശാസ്ത്രവു-
മേതോരു കാവ്യവുമേതോരാൾക്കും◌
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം◌

-വള്ളത്തോൾ നാരായണ മെനൊൻ